ഫെബ്രുവരി 12.2014

# സംസ്ഥാന ഗവൺമെന്റിന്കേന്ദ്രഗവൺമെന്റ് ിന്റെ തീരുമാനം അന്വേഷണവിധേയമാക്കാമോ?

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയാണ് ഫെഡറലിസം. ഫെഡറൽ തത്വങ്ങൾ ഭേദഗതി ചെയ്യാവുന്നതല്ല. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അധികാരപരിധി വ്യക്തമായി വേർതിരിച്ചിട്ടുണ്ട്.

സാധാരണ ഫെഡറലിസം എന്തെങ്കിലും ഭീഷണി നേരിടുന്നതായി നമുക്ക് തോന്നുമ്പോൾ ആ സംശയം കേന്ദ്രം ഫെഡറൽ തത്വങ്ങളിന്മേൽ കടന്നുകയറ്റം നടത്തിയതായാണ്. സാധാരണഗതിയിൽ കേന്ദ്രത്തിന് തങ്ങളുടെ കീഴിലുള്ള ഏജൻസികൾ മുഖേന സംസ്ഥാനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ അന്വേഷിച്ചറിയുക സാധ്യമല്ല. ഗുരുതരമായ അവസ്ഥാവിശേഷങ്ങൾ സംജാതമാകുമ്പോഴോ ഭരണഘടനാസംവിധാനം തകരാറിലാകുമ്പോഴോ ആണ് കേന്ദ്രം അനുഛേദം 356 പ്രകാരം അധികാരം പ്രയോഗിക്കുന്നത്. സംസ്ഥാനങ്ങൾ വ്യക്തമായി ഒരു അന്വേഷണം നടത്താൻ അന്വേഷണ ഏജൻസിയോട് ആവശ്യപ്പെടുമ്പോഴോ ഹൈക്കോടതികളും സുപ്രീം കോടതിയും ഒരു കാര്യം അന്വേഷിക്കാൻ സി.ബി.ഐയോട് ആവശ്യപ്പെടുമ്പോഴോ മാത്രമാണ് ഒരു സംസ്ഥാനത്തിലെ പൊതുപ്രവർത്തകരെക്കുറിച്ച് അന്വേഷണം നടത്താൻ കേന്ദ്ര കുറ്റാന്വേഷണ ബ്യൂറോ തയ്യാറാകുന്നത്.

മേൽവിവരിച്ച സാഹചര്യത്തിൽ ഇന്നലെ ദില്ലിയിൽ നടന്ന സംഭവം പരാമർശവിധേയമാണ്. പ്രകൃതിവാതകത്തിന്റെ വിലനിർണ്ണയത്തിലെ പാകതയോ അപാകതയെക്കുറിച്ചോ അല്ല എന്റെ പരാമർശം. പരാതിക്കാർക്ക് വിഷയം പാർലമെന്റിൽ ഉന്നയിക്കാവുന്നതോ കേന്ദ്രത്തിൽ നിന്ന് നേരിട്ടോ അതല്ലെങ്കിൽ കോടതി നടപടികളിലൂടെയോ അന്വേഷണം തേടാവുന്നതാണ്. ഇവിടത്തെ പ്രശ്നം കേന്ദ്ര ഗവൺമെന്റ് എടുത്ത ഒരു തീരുമാനം സംസ്ഥാന ഗവൺമെന്റിന് അതിന്റെ അഴിമതിവിരുദ്ധ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാവുന്നതാണോ എന്നാണ്.

സംസ്ഥാന നിയമസഭയോടു കൂടിയ ഒരു കേന്ദ്രഭരണപ്രദേശമാണ് ദൽഹി. ദൽഹിയുടെ നിയമനിർമ്മാണഭരണനിർവ്വഹണ അധികാരപരിധി അനുഛേദം 239 അഅൽ അനുശാസിച്ചിട്ടുണ്ട്. ഏഴാം അനുബന്ധത്തിൽ പ്രതിപാദിക്കുന്ന സംസ്ഥാന പട്ടികയിലെ 1, 2, 18 കുറിപ്പുകൾ ദൽഹിക്ക് ബാധകമല്ല. ഒന്നാം കുറിപ്പ് പൊതുനിയമത്തെയും രണ്ടാം കുറിപ്പ് ഭൂമിയെ സംബന്ധിച്ചുമാണ്. ഇപ്രകാരം നോക്കിയാൽ പൊതുനിയമത്തിന്റെയും പൊലീസിന്റെയും നിയന്ത്രണം ഇപ്പോൾ ദൽഹി നിയമസഭാസമിതിയിൽ നിക്ഷിപ്തമല്ലെന്നു കാണാം. ഭരണനിർവ്വഹണവും നിയമനിർമ്മാണവും പരസ്പരപൂരകമാണ്. അതിനാൽ ദില്ലി സർക്കാരിന് പൊലീസിന്മേൽ അധികാരമൊന്നുമില്ല. അങ്ങനെ വരുമ്പോൾ ദില്ലി സർക്കാരിനു കീഴിലുള്ള അഴിമതിവിരുദ്ധഘടകത്തിന്റെ പ്രവർത്തനം എന്താണ്? അഴിമതിവിരുദ്ധഘടകം ദൽഹി സർക്കാരിന്റെ വിജിലൻസ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഒരു ഭാഗമാണ്. അങ്ങനെ വരുമ്പോൾ എല്ലാ അർത്ഥത്തിലും അത് പൊലീസിന്റെ അധികാരവുമായി ബന്ധപ്പെട്ടതല്ല. എന്നാൽ വിജിലൻസുമായി ബന്ധപ്പെട്ടതാണ്. വിജിലൻസിന്റെ കാര്യത്തിൽ ദൽഹി സർക്കാരിനു കീഴിലെ വകുപ്പുകളിലുള്ള കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് അവകാശമുണ്ട്. ഇപ്രകാരം ദൽഹിസർക്കാരിനു കീഴിലെ വകുപ്പുകളിലുള്ള കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് അവകാശമുണ്ട്. ഇപ്രകാരം ദൽഹി സർക്കാരിനു കീഴിലുള്ള അഴിമതി വിരുദ്ധ ഘടകത്തിനോ ദൽഹിയുടെ ഭൂമിശാസ്ത്രപരമായ അതിർത്തിക്കുള്ളിൽ പരിധിയില്ലാത്ത അധികാരം ആർജ്ജിക്കുക എന്നത് സംസ്ഥാന പട്ടികയിലെ രണ്ടാം കുറിപ്പ് ദൽഹിക്കും ബാധകമാക്കിയിട്ടുണ്ട് എന്ന അനുമാനത്തിനിടയാക്കും. എന്നാൽ ഇത് ഭരണഘടനയുടെ 239അഅ അനുഛേദപ്രകാരം വ്യക്തമായി നിരോധിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ വന്നാൽ ദേശീയ തലസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന കേന്ദ്രഗവൺമെന്റിന്റെ പ്രവർത്തനത്തിന് സമാന്തരമായ അധികാരപരിധിയിലാണ് ഈ പ്രവർത്തനം എന്നും വരും. കേന്ദ്രഗവൺമെന്റ് ഒരേസമയം അതിന്റെ കീഴിലുള്ള വിജിലൻസ് അധികാരപരിധിയിലും ദൽഹി സർക്കാരിനു കീഴിലുള്ള വിജിലൻസ് അധികാരപരിധിയിലും വരും. അതിന്റെ അർത്ഥം പ്രധാനമന്ത്രി മുതൽ കാബിനറ്റ് സെക്രട്ടറി വരെയുള്ളവരും മറ്റെല്ലാ ഉദ്യോഗസ്ഥരും ദൽഹി സർക്കാരിന്റെ അധികാരപരിധിയിൽ വരുമെന്നർത്ഥം. ഇത്തരത്തിലുള്ള പൊലീസ് അധികാരത്തിന്റെ നിലനിൽപ്പുതന്നെ സംശയകരമാണ്. കേന്ദ്രഗവൺമെന്റിനെ സംസ്ഥാന ഗവൺമെന്റിന്റെ പൊലീസ് അധികാരപരിധിയിൽ പെടുത്തുന്നത് ഒരു വലിയ ഭരണഘടനാ ഭീകരതയായി കാണാം. അത് ഫെഡറൽ തത്വങ്ങളുടെ ലംഘനമാണുതാനും. നിയന്ത്രണവും ഭരണതന്ത്രജ്ഞതയും ഭരണഘടന അക്ഷരാർത്ഥത്തിൽ പാലിക്കാൻ ആവശ്യമായ ഘടകങ്ങളാണ്. സാഹസികതയിലൂടെ പരിപാലിക്കാൻ പോന്നതല്ല ഭരണഘടനാസ്ഥാപനങ്ങൾ. കോടതി നിലപാടിന്റെ സംശുദ്ധിയെ ഞാൻ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്.

ജോയിന്റ് സെക്രട്ടറിക്കും അതിനു മുകളിൽ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കും ബാധകമായ 'ഏകാത്മക നിർദ്ദേശ പ്രകാരം ആ ഗണത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുന്നതിനു മുമ്പായി കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. എന്നാൽ, ഈ നിർദ്ദേശത്തിന് നിയമപരമായ പിൻബലമില്ല എന്ന കാരണത്താൽ സുപ്രീം കോടതി അത് റദ്ദാക്കിയിട്ടുണ്ട്. നിയമപരമായ ഈ പിൻബലം നിയമമാക്കിയിട്ടുള്ളതും

അത് സുപ്രീം കോടതി മുൻപാകെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. വിവാദപരമായ ഈ സിംഗിൾ പോയിന്റ് ഡിറക്ടീവിനു പിന്നിലുള്ള വാദങ്ങളിലൊന്ന് ക്രമസമാധാനവും പൊലീസ് പരിപാലനവും സംസ്ഥാന വിഷയങ്ങൾ എന്നതാണ്. ഒരു സംസ്ഥാനത്തിലെ പൊലീസ് സബ് ഇൻസ്പെക്ടർ പ്രധാനമന്ത്രിയെയോ കാബിനറ്റ് സെക്രട്ടറിയെയോ അന്വേഷണത്തിനായി ക്ഷണിച്ചുവരുത്തിയാൽ എന്താകും സംഭവിക്കുക? ഈ അധികാരം രാഷ്ട്രീയ കാരണങ്ങളാലും ദുരുപയോഗം ചെയ്യപ്പെടാനിടയുണ്ട്. ഇത്തരത്തിൽ അന്വേഷണം ഏറ്റെടുക്കുന്നതിനു മുമ്പായി കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഈ ഏകാത്മക നിർദ്ദേശം വിമർശിക്കപ്പെട്ടിട്ടുമുണ്ട്. കേന്ദ്ര സർക്കാരിന്റെ തീരുമാനം ഇതു സംബന്ധിച്ച് അന്വേഷണം നടത്താനുള്ള ദില്ലി സർക്കാരിന്റെ നടപടി ഈ  സിംഗിൾ പോയിന്റ് ഡിറക്ടീവിനു പിന്നിലുള്ള യുക്തിക്ക് അടിവരയിടുന്നതാണ്. ആവേശവും ഉത്സാഹവും സാഹസികതയും ഭരണഘടനാനുസൃതമായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കില്ല എന്ന് എഎപി സർക്കാർ മനസ്സിലാക്കേണ്ടതാണ്.